ശ്രീ. കെ. കെ. വിശ്വനാഥൻ : ഈ ഓയിൽ റിഫൈനറീസിനു എടുത്ത സ്ഥലമുൾപ്പെടെ എറണാകുളത്തിനു് വടക്കുകിഴക്കുള്ള ഭാഗം ഒരു ഇൻഡസ്ട്രിയൽ ഏരിയായിട്ടു് വികസിപ്പിക്കുവാൻ ഗവണ്മെൻറു നടപടി എടുത്തിട്ടുണ്ടോ ; അവിടെനിന്നു എത്ര ആളുകളെ മാറ്റി താമസിപ്പിക്കുവാൻ സാധിക്കുമെന്നു ഗവണ്മെൻറു വല്ല കണക്കുമെടുത്തിട്ടുണ്ടോ ?

ശ്രീ. കെ. എ. ദാമോദരമേനോൻ : അതിൻെറ ഒരു കണക്കു് ഇപ്പോഴെൻെറ കൈവശമില്ല.

ശ്രീ.ടി.ഒ. ബാവാ: ഫാക്ടറിയോടു് ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാരും ലാൻഡു അക്വിസിഷനോടു് ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാരും ആവശ്യപ്പെട്ട തനുസരിച്ചു് ഫാക്ടറിക്കാക്കു് അഡ്വാൻസു് പൊസഷൻ കൊടുത്തിരിക്കുകയാണു്. ഈ സ്ഥലം എടുക്കുന്നതിനെസംബന്ധിച്ചുള്ള നടപടികൾ ഒൺവേ ട്രാഫിക്കായിട്ടു പോകാതെ അവിടെ താമസിക്കുന്ന ആളുകളുടെ ബുദ്ധിമുട്ടുകൾകൂടി പരിഗണിച്ചു ഈ പ്രശ്നം പരിഹരിക്കുവാൻ ആവശ്യമായ നടപടിയെടുക്കുമോ ?

ശ്രീ. കെ. എ. ദാമോദരമേനോൻ : ഒൺവേ ട്രാഫിക്കല്ല ടുവേട്രാഫിക്കുണ്ടു്. അവരുടെ സഹകരണം ഇതിന്നാവശ്യമാണു്. അതവർ തരുന്നുമുണ്ടു്. അവർ സ്വയമേവ ഭൂമി ഒഴിയുവാൻ ശ്രമിക്കുന്നുമുണ്ടു്. അതിനെല്ലാവരുടേയും സഹകരണവും ആവശ്യമാണു്.

ഫ്ലീസിംഗു് പ്ലാൻറു്.

* 372. [3] ശ്രീ. ടി. ഒ. ബാവ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് ഹരിജനക്ഷേമവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊച്ചിയിൽ സർക്കാർ സ്ഥാപിച്ചിട്ടുള്ള ഫ്ലീസിംഗു് പ്ലാൻറു് ഏതടിസ്ഥാനത്തിലാണു് വാടകയ്ക്കു കൊടുത്തിട്ടുള്ളതു് ;

(ബി) ടെണ്ടർ വിളിച്ചാണോ നൽകിയതു് ;

(സി) ടെണ്ടർ വിളിച്ചാണെങ്കിൽ കൂടുതൽ തുകയ്ക്കു ടെണ്ടർ നൽകിയവർക്കു കൊടുത്തിട്ടില്ല എന്ന ആക്ഷേപം സർക്കാരിൻെറ ശ്രദ്ധയിപ്പെട്ടിട്ടുണ്ടോ;

(ഡി) ടെണ്ടർ നൽകിയവർ എത്ര രൂപ മുൻകൂർ അടയ്ക്കണമെന്നായിരുന്നു വ്യവസ്ഥ ?

ഹരിജനക്ഷേമവകുപ്പുമന്ത്രി (ശ്രീ. കെ. കുഞ്ഞമ്പു):

(എ) ടെണ്ടറിൻെറ അടിസ്ഥാനത്തിലാണു്.

(ബി) ഉവ്വു്.

(സി) ഇല്ല.

(ഡി) ടെണ്ടറോടുകൂടി 500 രൂപ ഏണസ്റ്റുമണിയായി അടയ്ക്കണമെന്നായിരുന്ന വ്യവസ്ഥ.

ശ്രീ. കെ. സി. ഏബ്രഹാം: ഈ കാര്യത്തിൽ മത്സ്യത്തൊഴിലാളികളുടെ സഹകരണസംഘത്തിൽ നിന്നു വല്ല അപേക്ഷയും ക്ഷണിച്ചിരുന്നുവോ? ഉണ്ടെങ്കിൽ അവരുടെ സഹകരണസംഘത്തിനു് ഇതിൽ വല്ല മുൻഗണനയും കൊടുത്തിട്ടുണ്ടോ ?

ശ്രീ. കെ. കുഞ്ഞമ്പു : അവരുടെ ഒരു സഹകരണസംഘത്തിനു് ഈ പ്ലാൻറു കൊടുത്തിട്ടുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly